## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2519** 17.08.2017-ൽ മറുപടിക്ക്

## നഴ്സുമാരുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള എന്തെങ്കിലും സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) 2013-ൽ കേന്ദ്ര സർക്കാർ ഉത്തരവിലൂടെ നഴ്സുമാർക്ക് മിനിമം വേതനം നൽകണമെന്ന വ്യവസ്ഥ പാലിക്കാത്ത ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ മിനിമം വേതന നിയമപ്രകാരം തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) നഴ്സുമാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതു സംബന്ധിച്ച് കുറ്റമറ്റ ഒരു ഉന്നതതല കമ്മിറ്റിയെ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം സംബന്ധിച്ച ശിപാർശ സമർപ്പിക്കാൻ തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ലേബർ കമ്മീഷണർ എന്നിവരെ അംഗങ്ങളാക്കി 28.07.2017-ലെ സ.ഉ. (സാധാ)/984/ 2017/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) ടി കമ്മിറ്റിയിൽ പുരുഷ, വനിതാ നഴ്സുമാരുടെ പ്രതിനിധികളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) പരിഗണനയിലില്ല. നഴ്സുമാരുടെ സമരവുമായി ബന്ധപ്പെട്ട് 20.07.2017-ൽ ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സ്വകാര്യ |

| | | |
|---|---|---|
| | ഇവർക്ക് മിനിമം വേതനം 25,000/- രൂപായെങ്കിലും ആക്കാൻ നടപടി സ്വീകരിക്കുമോ; | ആശുപത്രി നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ കൂലി 20,000/- രൂപയായി നിശ്ചയിക്കാൻ ധാരണയായിട്ടുണ്ട്. |
| (ഇ) | ഓരോ സ്വകാര്യ ആശുപത്രികളുടെയും (ഇ) നിലവാരം അനുസരിച്ച് ഇവരുടെ വേതനം 25,000/-ൽ നിന്നും (മിനിമം വേതനം) കൂട്ടിക്കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | സ്വകാര്യ ആശുപത്രി നഴ്സുമാരുടെ വേതനം സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്കായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. മിനിമം വേതന ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | സംസ്ഥാനത്തെ ഓരോ സ്വകാര്യ (എ ആശുപത്രി മാനേജ്മെന്റുകളും പ്രസ്തു ഫ്) സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന നഴ്സുമാർക്ക് തുച്ഛമായ വേതനം നല്കുന്നത് അസാനിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ നിയമം നടപ്പിലാക്കുമോ ? | മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ മിനിമം വേതന നിയമപ്രകാരം തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. നഴ്സുമാർക്ക് തുച്ഛമായ വേതനം നല്കുന്നത് അവസാനിപ്പിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ.